## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1994 — 17/12/2012-ൽ മറുപടിയ്ക്ക്

# തഹസീൽദാർ നൽകുന്ന ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കമ്പ്യൂട്ടറിലെ ഡിജിറ്റൽ ഒപ്പിന് സാധുകരണമില്ലെന്ന് കാണിച്ച് തഹസീൽദാർ നല്കുന്ന സർട്ടിഫിക്കറ്റുകൾ ആഭ്യന്തര വകുപ്പ് സാക്ഷ്യപ്പെടുത്തി നല്കാത്തതിനാൽ അപേക്ഷകർ പ്രത്യേകിച്ച് കണ്ണൂർ, പാലക്കാട് ജില്ലകളിലുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ? | (ബി) വിദേശത്തുവെച്ച് മരണമടയുന്ന ആളുകളുടെ മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസുകളിൽ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുന്നത് തഹസീൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടറൈസ്ഡ് സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതി (വ്യാജമാണോ അല്ലയോ എന്ന്) അറിയാൻ പറ്റാത്ത സാഹചര്യത്തിൽ ചിലപ്പോൾ യഥാർത്ഥ അവകാശികൾക്ക് |

പ്രതിഫലം കിട്ടാതെ വരുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ തഹസീൽദാർ നൽകുന്ന കമ്പ്യൂട്ടറൈസ്ഡ് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് മുഖാന്തിരം അന്വേഷണം നടത്തിയശേഷവും മറ്റു സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ നോട്ടറി പബ്ലിക്കിന്റെ ഒപ്പ് നിലവിലുളള നടപടിക്രമം അനുസരിച്ചും സാക്ഷ്യപ്പെടുത്തി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ